**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4141** **18-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് അക്കൗണ്ടന്റ് ജനറൽ സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (ബി) | മരിച്ചവരുടെ പെൻഷൻ തട്ടിയെടുക്കുന്നതായും വിതരണം ചെയ്യാത്ത പണം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതായും ധനവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സഹകരണ സംഘങ്ങൾ മുഖേനയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ നിന്ന് ആരോപണ വിധേയരും കുറ്റക്കാരുമായ ഏജന്റുമാരുടെ സേവനം അവസാനിപ്പിക്കുന്നതിനും പ്രസ്തുത വ്യക്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും, അപഹരിച്ച തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സംഘങ്ങളിൽ അപ്രതീക്ഷിത പരിശോധന നടത്താൻ രജിസ്ട്രേഷൻ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകുവാനും, സഹകരണ സംഘങ്ങൾ മുഖേനയുള്ള പെൻഷൻ വിതരണത്തിനായി സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായ ആളുകൾ മാത്രം ഏജന്റുമാരായി നിയമിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പെൻഷൻ നൽകുന്നതിനായി അനുവദിക്കുന്ന തുകയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന |

| | | | |
|---|---|---|---|
| | | | തുക നിശ്ചിത തീയതിക്കുള്ളിൽ തിരിച്ചടയ്ക്കണമെന്ന് പെൻഷൻ തുക അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഇക്കാര്യം സംബന്ധിച്ച് ഉദ്യോഗസ്ഥതല യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ